**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 206** **12-10-2021 - ൽ മറുപടിയ്ക്ക്**

**ഖാദി മേഖലയിലെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ റിബേറ്റ് നൽകാത്തതിനാൽ ഖാദി ബോർഡ് പ്രതിസന്ധിയിലായതും ഖാദി ഉൽപ്പന്നങ്ങൾ കെട്ടിക്കിടക്കുന്നതുമായ സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | ഇല്ല. റിബേറ്റ് ഇനത്തിൽ തുക കടിശ്ശികയുണ്ടെങ്കിലും അതുമൂലം ഖാദി ഉൾപ്പന്നങ്ങൾ കെട്ടിക്കിടക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല. |
| (ബി) | ഖാദി സംഘങ്ങൾക്ക് റിബേറ്റും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാകാത്തത് കാരണം സംഘങ്ങൾ പ്രതിസന്ധിയിലായത് പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; | (ബി) | 2011 മുതൽ റിബേറ്റ് ഇനത്തിൽ വന്നിട്ടുള്ള കുടിശ്ശിക തുക നൽകുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം 14 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും അതിൽ 10 കോടി രൂപ അനുവദിച്ച് നൽകുകയും ബാക്കി 4 കോടി രൂപ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു. പ്രസ്തുത തുക ഖാദീ ബോർഡ് പൂർണ്ണമായും വിനിയോഗിച്ചതിന് ശേഷം റിബേറ്റിനത്തിൽ ബാക്കിയുള്ള സാമ്പത്തിക സഹായം അനുവദിക്കുന്നതാണ്. |
| (സി) | കോവിഡ് കാലത്ത് തൊഴിലാളികൾക്കും സംഘങ്ങൾക്കും സ്പെഷ്യൽ പാക്കേജ് നൽകാൻ നടപടി സ്വീകരിക്കുമോ? | (സി) | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് പ്രത്യേക പാക്കേജുകളൊന്നും നടപ്പാക്കിയിട്ടില്ല. എന്നാൽ ഖാദി ക്ഷേമനിധിയിൽ അംഗങ്ങളായി ട്ടുള്ളവർക്ക് 1000/-രൂപ വീതം 2 വർഷം പ്രത്യേക ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ കോവിഡ് ബാധിതരായ ഖാദി ബോർഡിലെ തൊഴിലാളികൾക്കും കുടുംബാംഗ ങ്ങൾക്കും 2000/- രൂപ വച്ച് ധനസഹായവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ